"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - 'ആശ' പദ്ധതി പ്രകാരം അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നതിനായി ശ്രീ.കൃഷ്ണൻകുട്ടി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.372/2025/ID തീയതി,തിരുവനന്തപുരം, 02-04-2025

---

പരാമർശം:-

1. G.O.(Ms) No.81/2023/ID തീയതി: 10.11.2023
2. ശ്രീ.കൃഷ്ണൻകുട്ടി സമർപ്പിച്ച 01.06.2023 തീയതിയിലെ അപേക്ഷ
3. കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ 06.03.2024,19.10.2024 തീയതികളിലെ DICKKD/2197/2021-c2 നമ്പർ കത്തുകൾ
4. വ്യവസായ വാണിജ്യ ഡയറക്ടറുടെ 17.01.2025 തീയതിയിലെ DIC/5421/2023-HC-H നമ്പർ കത്ത്

<u>ഉത്തരവ്</u>

കളിമൺ പാത്ര നിർമ്മാണത്തിനായി 35,400/- രൂപയുടെ പഗ്മിൽ മെഷിൻ വാങ്ങിയതുമായി ബന്ധപ്പെട്ട് ആശ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനു വേണ്ടി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി ലഭിക്കുന്നതിനായി ശ്രീ കൃഷ്ണൻകുട്ടി കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. ആശ പദ്ധതി മാനദണ്ഡപ്രകാരം യൂണിറ്റ് പ്രവർത്തനമാരംഭിച്ച് 6 മാസങ്ങൾക്കകം അപേക്ഷ സമർപ്പിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ 16/04/2022 ന് പ്രവർത്തനമാരംഭിച്ച യൂണിറ്റ് 7 മാസം 16 ദിവസത്തെ കാലതാമസം സഹിതം 01/06/2023 -നാണ് ശ്രീ കൃഷ്ണൻകുട്ടി അപേക്ഷ സമർപ്പിച്ചത്. കളിമൺ പാത്ര നിർമാണത്തിനായി 35,400/- രൂപയുടെ പഗ്മിൽ മെഷീൻ ശ്രീ കൃഷ്ണൻകുട്ടി വാങ്ങിയിട്ടുണ്ടെന്നും എന്നാൽ അപേക്ഷകന്റെ ഭാര്യയുടെയും. മകളുടെയും അസുഖം കാരണമാണ് അപേക്ഷ സമയബന്ധിതനായി സമർപ്പിക്കുവാൻ തടസ്സമായതെന്നും കാണിച്ചു കൊണ്ട് ചികിത്സ സംബന്ധമായ രേഖകൾ സഹിതം കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പരാമർശം (3) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

3. ആശ പദ്ധതിയുടെ മാർഗനിർദ്ദേശങ്ങളിൽ പരാമർശം (1) സർക്കാർ ഉത്തരവു പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും കാലതാമസം നേരിട്ട അപേക്ഷകൾക്ക്, പ്രശ്നത്തിന്റെ മെറിറ്റ്

വിലയിരുത്തി കേസ് അനുസരിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈകൊള്ളാവുന്നതുമാണ്. സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കാവസ്ഥയിലുള്ള അപേക്ഷകന്റെ ജീവിത പ്രയാസങ്ങളാണ് അപേക്ഷ യഥാസമയം സമർപ്പിക്കുവാൻ സാധിക്കാതെ പോയതിന് കാരണമായതെന്നതിനാൽ പ്രസ്തുത കാലതാമസം ആശ പദ്ധതിയുടെ ടി ഭേദഗതിയുടെ അടിസ്ഥാനത്തിൽ പരിഗണിക്കാവുന്നതാണെന്ന് വ്യവസായ വാണിജ്യ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കാവസ്ഥയിലുള്ള അപേക്ഷകന്റെ ജീവിത പ്രയാസങ്ങളാണ് യഥാസമയം അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാതെ പോയതെന്ന് കണക്കിലെടുത്ത്, പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 'ആശ' പദ്ധതി പ്രകാരമുള്ള അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നതിനായി ശ്രീ.കൃഷ്ണൻകുട്ടി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിജു ജേക്കബ്
ജോയിന്റ് സെക്രട്ടറി

ശ്രീ കൃഷ്ണൻകുട്ടി, S/o സ്വാമി, കുന്ദാണിക്കാവ്, പഴംപറമ്പ്, ചെറുവാടി (പി.ഒ), കൊടിയത്തൂർ, കോഴിക്കോട്-673601
വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം,
ജനറൽ മാനേജർ, കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
ഐ &പി.ആർ.ഡി (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ (IND-K3/35/2025-IND)

ഉത്തരവിൻ പ്രകാരം
Signed by
Susan Thomas
സെക്ഷൻ ഓഫീസർ
Date: 02-04-2025 15:52:57